"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ തസ്തികകളിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് നിലവിൽ നൽകി വരുന്ന ഇൻ-സർവീസ് ട്രെയിനിംഗ് പ്രീ-സർവീസ് ട്രെയിനിംഗ് ആക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.61/2021/ആഭ്യന്തരം** തീയതി, തിരുവനന്തപുരം, 22/02/2021

---

പരാമർശം:- ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്-ന്റെ 24.08.2019, 18.06.2020 തീയതികളിലെ E7-10900/2019/PrHQ, 15.07.2020-ലെ E7-14299/2020/PrHQ നമ്പർ കത്തുകൾ

**ഉത്തരവ്**

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ എന്നീ തസ്തികകളിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ഇൻ സർവ്വീസ് ട്രെയിനിംഗാണ് നിലവിൽ നൽകി വരുന്നത്. ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഉദ്യോഗസ്ഥർക്ക് അടിസ്ഥാന പരിശീലനം ലഭ്യമാകാത്തതിനാൽ ജയിൽ ചട്ടങ്ങളിൽ ശരിയായ അവബോധമില്ലാതെയും ജോലിയുടെ സ്വഭാവം മനസിലാക്കാതെയും ജോലി നോക്കുന്നതു വഴി ഇത്തരം ജീവനക്കാരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചകൾ ഉണ്ടാകുന്നതിന് കാരണമാകുന്നതായും ഇവ പരിഹരിക്കുന്നതിനായി പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന പ്രസ്തുത തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് ബ്യൂറോ ഓഫ് പോലീസ് റിസർച്ച് & ഡെവലപ്മെന്റിന്റെ (BPR&D) മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള സിലബസ് അനുസരിച്ച് പ്രീ-എൻട്രി ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ജയിലിന്റെ പ്രത്യേക സാഹചര്യത്തിൽ അനുവർത്തിക്കേണ്ട പ്രത്യേക മനഃശാസ്ത്ര പാഠങ്ങൾ നിലവിലുള്ള സിലബസിൽ ഉൾക്കൊള്ളുന്നില്ലായെന്നതിനാൽ കൗൺസിലിംഗിനു കൂടി പ്രാധാന്യം നൽകേണ്ടതുള്ളതിനാൽ 'കറക്ഷണൽ സൈക്കോളജി ഫോർ പ്രിസൺ ഓഫീസേഴ്സ്' എന്ന വിഷയം കൂടി ഉൾപ്പെടുത്തുന്നതിനും അടിസ്ഥാന പരിശീലന സമയത്ത് കേരളാ സർവ്വകലാശാലയുടെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ വഴി കേരള സർവ്വകലാശാല സർട്ടിഫിക്കറ്റ് കോഴ്സായി നടത്തുന്നതിനും അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അടിസ്ഥാന പരിശീലനത്തിന്റെ അഭാവത്തിൽ ജോലിയുടെ സ്വഭാവം മനസിലാക്കാതെയും ജയിൽ ചട്ടങ്ങളിൽ ശരിയായ അവബോധമില്ലാതെയും ജോലി നോക്കുന്നതു വഴി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചകൾ ഉണ്ടാകുന്നതായും ആയത് പരിഹരിക്കുന്നതിന് പ്രീ-എൻട്രി ട്രെയിനിംഗ് അനിവാര്യമാണെന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്-ന്റെ ശിപാർശ അംഗീകരിച്ച് ചുവടെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) Bureau of Police Research & Development (BPR&D) പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ജയിൽ വകുപ്പ് തയ്യാറാക്കിയിട്ടുള്ള സിലബസ് അംഗീകരിച്ച് ആയതിന്റെയടിസ്ഥാനത്തിൽ പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന അസിസ്റ്ററന്റ് പ്രിസൺ ഓഫീസർ, അസിസ്ററന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് നിലവിൽ നൽകി വരുന്ന ഇൻ-സർവീസ് ട്രെയിനിംഗ് ഒഴിവാക്കിക്കൊണ്ടും പകരം 9 മാസത്തെ പ്രീ-സർവ്വീസ് ട്രെയിനിംഗ് അടിസ്ഥാന പരിശീലനമായി നിശ്ചയിച്ചു കൊണ്ടും ഉത്തരവാകുന്നു.

2) അടിസ്ഥാന പരിശീലന പാഠ്യപദ്ധതിയിൽ 'കറക്ഷണൽ സൈക്കോളജി ഫോർ പ്രിസൺ ഓഫീസേഴ്സ് '

എന്ന വിഷയം കൂടി ഉൾപ്പെടുത്തിക്കൊണ്ടും പരിശീലന സമയത്ത് കേരളാ സർവ്വകലാശാലയുടെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ വഴി കേരള സർവ്വകലാശാല സർട്ടിഫിക്കറ്റ് കോഴ്സായി നടത്തുന്നതിന് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്-ന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഇതു സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുഭാഷ് ആർ**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(22-1-2021 ലെ ADV-A1/11/2021-PandARD പ്രകാരം)
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by JIJIMON R
Date: 2021.02.22 14:06:32 IST
Reason: Approved

സെക്ഷൻ ഓഫീസർ